## പയ്യന്നൂർ ബി.ഇ.എം. എൽ.പി. സ്കൂൾ
## (മിഷൻ സ്കൂൾ)




# പി. ബാലൻ മാസ്റ്റർ മെമ്മോറിയൽ ഹാൾ

പ്രിയപ്പെട്ടവരെ,

ഒരു നൂറ്റാണ്ടിലേറെക്കാലമായി പയ്യന്നൂരിലും പരിസരപ്രദേശങ്ങളിലും അറിവിന്റെ വെളിച്ചം പകരുന്ന ഒരു സരസ്വതി ക്ഷേത്രമാണ് പയ്യന്നൂർ ബി.ഇ.എം.എൽ.പി. സ്കൂൾ. പ്രഗത്ഭരും, പ്രശസ്തരുമായ ഒട്ടനവധി മഹത്‌വ്യക്തികൾക്ക് ആദ്യാക്ഷരം പകർന്നുനൽകിയ ഒരു സ്ഥാപനമാണിത്. ഇവിടെ നിന്ന് പ്രാഥമികപഠനം സിദ്ധിച്ച നിരവധിപേർ ഇന്ന് സമൂഹത്തിന്റെ ഉയർന്ന വേദികളിൽ രാജ്യത്തിനകത്തും പുറത്തുമായി തിളങ്ങിനിൽക്കുന്നുണ്ട്.

കഴിഞ്ഞ കാലങ്ങളിൽ പയ്യന്നൂർ പട്ടണത്തിന്റെ ഹൃദയഭാഗത്ത് തലയുയർത്തിനിന്ന ഈ സ്ഥാപനം പയ്യന്നൂരിന്റെ വിശാലമായ പ്രദേശങ്ങളിലെ വിദ്യാർത്ഥികളുടെ ആശാകേന്ദ്രമായിരുന്നു. ദേശീയഭൂപടത്തിൽ സ്ഥാനംപിടിച്ച ഈ മഹൽസ്ഥാപനത്തിലെ നൂറ് വർഷത്തിലധികം പ്രായമുള്ള പ്രധാനകെട്ടിടത്തിന്റെ നിലനിൽപ്പ് പഴക്കംകാരണം ചോദ്യംചെയ്യപ്പെടുന്ന ഘട്ടത്തിലാണ് പുതിയ കെട്ടിടനിർമ്മാണം ആരംഭിക്കേണ്ടിവന്നത്. 10 ക്ലാസ് മുറികളുള്ള ഇരുനിലകെട്ടിടമാണ് സ്കൂളിനുവേണ്ടി നിർമ്മിക്കുന്നത്. 5 ക്ലാസ് മുറികളുള്ള താഴത്തെനിലയുടെ പണി പുതിയ അധ്യയനവർഷത്തിൽ ഉപയോഗിക്കാൻ പറ്റുന്ന രീതിയിൽ ദ്രുതഗതിയിൽ പുരോഗമിച്ചുവരികയാണ്.

സി.എസ്.ഐ. മാനേജ്മെന്റിന്റെ കീഴിലുള്ള ഒരു സ്വകാര്യവിദ്യാലയമാണ് ബി.ഇ.എം.സ്കൂൾ. സ്വകാര്യമേഖലയിൽ ആയതിനാൽ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ് ഭൗതികസാഹചര്യങ്ങൾ ഒരുക്കൽ. എന്നാൽ മറ്റു മാനേജ്മെന്റുകളിൽ നിന്ന് വ്യത്യസ്തമായി അധ്യാപകരിൽ നിന്ന് ഒരു ചില്ലിക്കാശ്പോലും കോഴവാങ്ങാതെ നിയമിക്കുന്ന മാതൃകാപരമായ ശൈലിയാണ് സി.എസ്.ഐ. മാനേജ്മെന്റിന്. അതുകൊണ്ടുതന്നെ വൻതുക കെട്ടിടത്തിന് മുടക്കുവാൻ അവർ അശക്തരുമാണ്. ജനപ്രതിനിധികളും നാട്ടുകാരും പൂർവ്വവിദ്യാർത്ഥികളും അധ്യാപകരും ചേർന്ന് രൂപീകരിച്ച ജനകീയകമ്മിറ്റിയും മാനേജ്മെന്റും സംയുക്തമായാണ് പുതിയ കെട്ടിടം നിർമ്മിക്കുന്നത്.

കേരളത്തിലെ സാമൂഹ്യ - സാംസ്കാരിക - രാഷ്ട്രീയ - സഹകരണരംഗങ്ങളിലെ പ്രമുഖ വ്യക്തിത്വവും ഈ വിദ്യാലയത്തിലെ പൂർവ്വവിദ്യാർത്ഥിയും ദീർഘകാലം അധ്യാപകനുമായിരുന്ന ശ്രീ. പി. ബാലൻ മാസ്റ്ററാണ് കെട്ടിടനിർമ്മാണപ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചത്. സ്കൂൾ കെട്ടിടനിർമ്മാണ കമ്മിറ്റി ചെയർമാനായിരുന്ന അദ്ദേഹത്തിന്റെ അകാലനിര്യാണത്തിന്റെ ഞെട്ടലിൽനിന്ന് ഞങ്ങൾ ഇതുവരെ മുക്തരായിട്ടില്ല. അതുകൊണ്ടുതന്നെ സ്കൂൾ കെട്ടിടത്തിന്റെ ഒന്നാം നില അദ്ദേഹത്തിന്റെ സ്മരണയ്ക്കായി സമർപ്പിക്കുന്നതിന് മാനേജ്മെന്റും, കമ്മിറ്റിയും തീരുമാനിച്ചിരിക്കുകയാണ്. 25ലക്ഷം രൂപയോളം നിർമ്മാണചെലവ് വരുന്ന **പി.ബാലൻ മാസ്റ്റർ മെമ്മോറിയൽ ഹാളിന്റെ** നിർമ്മാണം പൂർത്തീകരിക്കുന്നതിനായി താങ്കളുടെ ആത്മാർത്ഥമായ സഹകരണം അഭ്യർത്ഥിക്കുന്നു.

**സി.കെ. ശേഖരൻ മാസ്റ്റർ**
(ചെയർമാൻ)

**അഡ്വ: കെ.വി.ശശിധരൻ നമ്പ്യാർ**
(ജന: കൺവീനർ)

**ജാക്വിലിൻ ബിന്ന സ്റ്റാൻലി**
(ഹെഡ്മിസ്ട്രസ്)